**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6651** **21-03-2023 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലത്തിന്റെ ബലക്ഷയം പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുളിമാട് പാലത്തിന്റെ സ്ലാബുകൾ തകർന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം അന്വേഷണങ്ങളാണ് നടന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | കുളിമാട് പാലത്തിന്റെ ബീമുകൾ തകർന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. |
| (ബി) | ഇവയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ലഭിച്ചിട്ടുണ്ട്. വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സർക്കാർ അംഗീകരിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ സ്ഥലം മാറ്റിയിട്ടുണ്ട്. |
| (ഡി) | പാലത്തിന് മറ്റ് ബലക്ഷയമുണ്ടോ എന്നും സംസ്ഥാനത്തിന്റെ പുറത്ത് നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരെ കൊണ്ട് പരിശോധന നടത്തുമോ എന്നും വ്യക്തമാക്കുമോ? | (ഡി) | പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തിയ ഗുണനിലവാര പരിശോധനയുടെ എല്ലാ ഫലങ്ങളും തൃപ്തികരമാണ്. കൂടാതെ അപകടത്തിന് ശേഷം NIT നടത്തിയ ഗുണനിലവാര പരിശോധന ഫലങ്ങളും തൃപ്തികരമാണ്. ഇതുവരെയുള്ള നിർമ്മിതികൾക്ക് ഗുണമേന്മ സംബന്ധിച്ച പ്രശ്നങ്ങളോ ആശങ്കയോ നിലനിൽക്കുന്നില്ല എന്നാണ് ഈ പരിശോധനാഫലങ്ങളിൽ നിന്നും മനസിലാകുന്നത്. |

സെക്ഷൻ ഓഫീസർ